60 (1792) കർഷകരെ കുടിയൊഴിപ്പിക്കാൻ നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ പോക്കറ്റുകളിലായി താമസിക്കുന്ന കർഷകരെ കുടിയൊഴിപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ;

(ബി) ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെടുന്ന കർഷകർക്ക് പകരം ഭൂമിയും കുഴിക്കൂർ ദേഹണ്ഡത്തിന്റെ പ്രതിഫലവും വീട് വയ്ക്കുന്നതിന് ധനസഹായവും നൽകാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ;

(സി) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വനത്തിനകത്ത് താമസിക്കുന്ന വന്യമൃഗങ്ങളുടെ ഉപദ്രവം നേരിടുന്നവർ പുനരധിവാസത്തിന് സന്നദ്ധരാവുകയും മേൽപ്പടി കാര്യത്തിന് അപേക്ഷിക്കുകയും ചെയ്താൽ പ്രസ്തുത അപേക്ഷകളിന്മേൽ സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) സാധാരണയായി വനത്തിൽ താമസിക്കുന്നവർ കുടിയൊഴിപ്പിക്കപ്പെടുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുമ്പോൾ മാറ്റി പാർപ്പിക്കപ്പെടുന്നതിന് വേണ്ടതായ ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഭാരത സർക്കാർ അംഗീകരിച്ച ലംപ്സം ഗ്രാന്റും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാറുണ്ട്.

(സി) കുടിയൊഴിപ്പിക്കലിന് സന്നദ്ധത പ്രകടിപ്പിച്ച കൊടങ്കര, കുണ്ടുചിറ, വെള്ളക്കോട്, പുത്തൂർ, പിലക്കാവ്, അരക്കുണ്ണി, തേക്കുറവയൽ കുമ്പ്രം കൊല്ലി എന്നീ 8 കോളനികളിലുള്ള 128 കുടുംബങ്ങളെ അരിവയൽ വനപ്രദേശത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

61 (1793) വനംവകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്, ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ/ഹെവി ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഈ തസ്തികകളിൽ പി.എസ്.സി.ക്ക് റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ;

(ഡി) എങ്കിൽ ഓരോ തസ്തികയിലും റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും ഏതെങ്കിലും തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ആരെങ്കിലും ജോലിചെയ്യുന്നതായി അറിയുമോ;

LIBRARY ARCHIVES Kerala Legislative Assembly